ശ്രീ. തമ്പാനൂർ രവി..... (ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.) ഐറ്റം നമ്പർ II, ഇല്ല. അടുത്തത് ഐറ്റം നമ്പർ III, പേപ്പേഴ്സ് ലെയ്ഡ് ഓൺ ദ ടേബിൾ ..... ബഹുമാനപ്പെട്ട മുഖ്യമന്ത്രി.

V Papers Laid on the Table

Report of R. Gopalakrishna Pillai Commission of Inquiry Regarding Communal Clashes at Vizhinjam

Chief Minister **(Shri. E.K. Nayanar)** : Sir, I lay on the Table the Report of R.Gopalakrishna Pillai Commission of Inquiry Regarding Communal clashes on May 14 and July 10, 1995 at Vizhinjam together with the memorandum of action taken by the Government thereon.

VI ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

വിഴിഞ്ഞത്തുണ്ടായ വർഗ്ഗീയ സംഘട്ടനങ്ങളെക്കുറിച്ച് അന്വേഷിച്ച ആർ. ഗോപാലകൃഷ്ണപിള്ള കമ്മീഷൻ റിപ്പോർട്ടും അതിന്മേൽ ഗവൺമെന്റ് സ്വീകരിച്ച നടപടികളും

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, 1995 മേയ് 14, ജൂലായ് 10 എന്നീ തീയതികളിൽ വിഴിഞ്ഞത്തുണ്ടായ വർഗ്ഗീയ സംഘട്ടനങ്ങളെക്കുറിച്ച് അന്വേഷിച്ച് ആർ. ഗോപാലകൃഷ്ണപിള്ള കമ്മീഷൻ റിപ്പോർട്ടിനേയും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളേയും സംബന്ധിച്ച് ചട്ടം 300 അനുസരിച്ച് തയ്യാറാക്കിയ പ്രസ്താവന ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.†

(ബഹളം കാരണം പ്രസ്താവന നടത്തുന്നതിന് തടസ്സം നേരിട്ടതിനാൽ എഴുതി തയ്യാറാക്കിയ പ്രസ്താവന സ്പീക്കറുടെ അനുമതിയോടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയുടെ മേശപ്പുറത്തുവച്ചു.

മി. സ്പീക്കർ : ഐറ്റം നമ്പർ V; സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം ബഹുമാനപ്പെട്ട ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി.....

VII സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : 1999-ലെ കേരള സ്പോർട്സ് ബില്ലിനെ സംബന്ധിച്ചുള്ള സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2000 ജൂലായ് 17-ാം തീയതി വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ കെ. ഇ. ഇസ്മയിൽ) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു. 1999 ലെ കേരളാ സ്പോർട്സ് ബില്ലിനെ സംബന്ധിച്ചുള്ള

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[17-7-2000-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1 (*408) ദയവായി കാണുക]

Note

Sub : Metro Railway Project at Kochi - LA Interpollution.

Vide G.O. (Rt.) No. 197/98/Transport dated 17-6-1998, Govt. of Kerala appointed RITES, New Delhi for a feasibility study for mass rapid transit system (MRTS) in Kochi. Cost of feasibility study was fixed at Rs. 65 lakhs with funding from the various State level agencies as follows :

	Rs. Lakhs
GCDA	10. 00
Kochi Corporation	10. 00
KSIDC	10. 00
District Panchayat, Ernakulam	5. 00
Near by Municipalities of Aluva Tripunithura, Kalamassery & Angamaly	2.50 (each)

GCDA was appointed as the nodal agency. Funding from Ministry of Urban Affairs, GOI was also proposed for the study.

The issues regarding reasonability of the price fixed for feasibility study as well as selection of agency was resolved in May 1999 and it was decided to reduce the feasibility study cost to Rs.60 lakhs. RITES is already proceeding with the study. KSIDC's share of Rs. 10 lakhs for the feasibility study was released to GCDA on 3rd February 1999.

Government has constituted a task force to monitor progress for the study in April 2000.

അനുബന്ധം II

വിഴിഞ്ഞം കലാപത്തെക്കുറിച്ച് അന്വേഷണം നടത്തിയ ഗോപാലകൃഷ്ണ പിള്ള കമ്മിഷൻ റിപ്പോർട്ട് സഭയിൽ വച്ചുകൊണ്ട് നിയമസഭാനടപടി ചട്ടം 300 അനുസരിച്ച് മുഖ്യമന്ത്രി നടത്തിയ പ്രസ്തവന

1995 മേയ്, ജൂലായ് മാസങ്ങളിൽ തിരുവനന്തപുരത്ത് വിഴിഞ്ഞത്തുണ്ടായ കലാപത്തെ സംബന്ധിച്ചുള്ള അന്വേഷണ റിപ്പോർട്ട് യു.ഡി.എഫ്. ഭരണഘട്ടത്തിൽ നിലനിന്നിരുന്ന ഗുരുതരമായ ഒരു സാമൂഹ്യ അവസ്ഥയിലേക്കു വിരൽ ചൂണ്ടുന്നുണ്ട്. രണ്ട് മതവിഭാഗങ്ങളിൽപ്പെട്ടവർ ചേരിതിരിഞ്ഞ് പരസ്പരം ആക്രമിക്കുകയായിരുന്നു അന്ന് എന്നതാണ് അത്.

ഇത്തരം ഒരു സംഭവം പോലും ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭരണത്തിൻ കീഴിലുണ്ടായിട്ടില്ല. വിഴിഞ്ഞം അടക്കമുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശങ്ങളിൽ ഇരു വിഭാഗത്തിലും പെട്ടവർ ഇന്ന് സമാധാനത്തോടെ, സൗഹൃദത്തോടെ കഴിയുന്നു. ഇതിനു വിരുദ്ധമായി യു.ഡി.എഫ്. ഭരണത്തിൻ കീഴിൽ എങ്ങനെ മതവിഭാഗങ്ങൾ ചേരിതിരിഞ്ഞ് പരസ്പരം ആക്രമണം നടത്താൻ ഇടയായി എന്ന ചിന്തിക്കേണ്ടതുണ്ട്.

ആ ചിന്ത രണ്ടു രാഷ്ട്രീയ സമീപനങ്ങളിലേക്കു നമ്മെ കൊണ്ടെത്തിക്കും. രാഷ്ട്രീയ താല്പര്യങ്ങൾ മുൻനിർത്തി വിവിധ ജനവിഭാഗങ്ങളെ പല തട്ടിലാക്കുകയും അവരിൽ വിദ്വേഷം വളർത്തി മുതലെടുക്കുകയും ചെയ്തിരുന്ന സമീപനമാണ് ഒന്ന്. ആ സമീപനത്തിന്റെ ഫലമാണ് യു.ഡി.എഫ് ഭരണഘട്ടത്തിൽ വ്യാപകമായി വർഗ്ഗീയ സ്പർദ്ധയും കലാപങ്ങളും വളർത്തിയത്.

ഇതിനു തീർത്തും വിരുദ്ധമായ സമീപനമാണ് എൽ.ഡി.എഫ് ഗവൺമെന്റ് കൈക്കൊണ്ടത്. എല്ലാ വിഭാഗം ജനങ്ങളെയും ഒരുപോലെ കാണുകയും ആരെയും വേർതിരിച്ച് പ്രീണിപ്പിക്കാതിരിക്കുകയും പരസ്പരം ചേരിതിരിച്ചു രാഷ്ട്രീയ ലാഭമുണ്ടാക്കാൻ നോക്കാതിരിക്കുകയും ചെയ്യുന്ന സമീപനം. അതിന്റെ ഫലമാണ് എൽ.ഡി.എഫ്. ഭരണത്തിൻ കീഴിൽ സാമുദായിക സൗഹാർദ്ദവും സാഹോദര്യബോധവും നിലനിൽക്കുന്നത്.

യു.ഡി.എഫ്. ഭരണത്തിൻ കീഴിൽ കെ. കരുണാകരനും എ.കെ. ആന്റണിയും മുഖ്യമന്ത്രിമാരായിരുന്ന ഘട്ടത്തിൽ നിരവധി വർഗ്ഗീയ കലാപങ്ങൾ ഇവിടെ ഉണ്ടായി. കാസർഗോഡ്, പാലക്കാട്, മട്ടാഞ്ചേരി, വിഴിഞ്ഞം, പൂന്തുറ എന്നിങ്ങനെ നിരവധി കേന്ദ്രങ്ങളിൽ കലാപമുണ്ടായി. കൊലപാതകങ്ങളും, കൊള്ളയും കൊള്ളിവെയ്പും ഒക്കെയായി കലാപത്തിന്റെ തീ പടർന്നു. നാല്പത് പേരാണ് വിവിധ വർഗ്ഗീയ കലാപങ്ങളിലായി കേരളത്തിൽ ആ അഞ്ചു വർഷങ്ങൾക്കുള്ളിൽ കൊലചെയ്യപ്പെട്ടത്. നൂറു കണക്കിനാളുകൾക്കാണ് പരിക്കേറ്റത്. പതിനെട്ട് പേരാണ് പോലീസ് വെടിവെപ്പുകളിൽ കൊല്ലപ്പെട്ടത്.

ഇതുമായി താരതമ്യപ്പെടുത്താനാവാത്തത്ര ഭദ്രമാണ് കേരളത്തിൽ എൽ.ഡി.എഫ്. ഭരണത്തിൻകീഴിലുള്ള ഘട്ടം. ഒറ്റ വർഗ്ഗീയകലാപം പോലുമുണ്ടായിട്ടില്ല. ഒറ്റയാൾ പോലും പോലീസ് വെടിവെപ്പിൽ കൊല്ലപ്പെട്ടില്ല. ഒരു ഭരണം അവസാനിച്ച് മറ്റൊരു ഭരണം വന്നപ്പോൾ കേരളത്തിനുണ്ടായ മാറ്റമാണിത്. ഫലപ്രദമായ ഇടപെടലുകളിലൂടെയും പ്രശ്ന പരിഹാര നടപടികളിലൂടെയും മുൻകരുതലുകളിലൂടെയുമാണിത് സാധിച്ചത്. ഒപ്പം, സാമുദായിക സ്പർദ്ധ വളർത്തുന്ന വിധത്തിൽ രാഷ്ട്രീയ മുതലെടുപ്പു നടത്തുന്ന രീതിക്ക് എൽ.ഡി.എഫ്. ഗവൺമെന്റ് അന്ത്യം കുറിക്കുകയും ചെയ്തു.

എവിടെയെങ്കിലും വർഗ്ഗീയ അസ്വാസ്ഥ്യമുണ്ടാകുന്നുവെന്ന് കണ്ടാലവിടെ ഫലപ്രദമായി ഇടപെട്ടു. തീപ്പൊരികൾ കാട്ടുതീയായി പടരാനനുവദിക്കാതെ നിഷ്പക്ഷവും നീതി പൂർവ്വകവുമായ ഇടപെടലുകളിലൂടെ കെടുത്തി. പോലീസ് വകുപ്പിനെയും ഇന്റലിജൻസ് സംവിധാനത്തെയും കാര്യക്ഷമമാക്കി ജാഗ്രതപ്പെടുത്തി. വർഗ്ഗീയ അസ്വാസ്ഥ്യമുണ്ടാകുന്നിടത്ത് നടപടി എടുക്കുന്നത് മുഖം നോക്കിയല്ല എന്നു വന്നു.

ഇതൊക്കെ ചെയ്യണമെങ്കിൽ സമ്മർദ്ദങ്ങൾക്ക് കീഴിലല്ലാതെ സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്ന രാഷ്ട്രീയ സംവിധാനമുണ്ടാവണം. ഉറച്ച നടപടി

LIBRARY ARCHIVES Kerala Legislative Assembly

കളെടുക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയുണ്ടാവണം. ഇതൊന്നും യു.ഡി.എഫ് ഗവൺമെന്റിന് ഉണ്ടായിരുന്നില്ല. ഇത്തിരിവട്ടം മാത്രം കാണുന്ന സങ്കുചിത രാഷ്ട്രീയ താല്പര്യങ്ങൾ മാത്രമാണ് യു.ഡി.എഫ് ഗവൺമെന്റിനെ നയിച്ചത്.

ഇതിൽ നിന്നും വ്യത്യസ്തമായ സമീപനം കൈക്കൊണ്ടതുകൊണ്ടാണ് കേരളത്തെ മതസൗഹാർദ്ദത്തിന്റെയും സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും പച്ചത്തുരുത്താക്കി മാറ്റാൻ സാധിച്ചത്.

ഉത്തരേന്ത്യയിൽ പരക്കെ ന്യൂനപക്ഷങ്ങൾ വർഗീയ ആക്രമണങ്ങൾക്ക് വിധേയരാവുകയാണിന്ന്. കന്യാസ്ത്രീ മഠങ്ങൾ ആക്രമിക്കപ്പെടുന്നു. മിഷനറിമാരെയും പിഞ്ചുകുഞ്ഞുങ്ങളെയും വധിക്കുന്നു. പള്ളികൾക്കും ബോംബുവെയ്ക്കുന്നു. മത സ്വാതന്ത്ര്യത്തിനു കടിഞ്ഞാണിടുന്ന നിയമങ്ങൾ ഉണ്ടാവുന്നു. കോൺഗ്രസ് (ഐ)-ബി.ജെ.പി. കക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങളിലാകെ ഇതാണ് സ്ഥിതി. ആന്ധ്രയിലും കർണാടകത്തിലും വരെ ഇതു പടരുന്നു.

അപ്പോഴും ന്യൂനപക്ഷങ്ങൾക്കും അവരുടെ ആരാധനാലയങ്ങൾക്കും പൂർണ സുരക്ഷിതത്വം. ഉറപ്പു വരുത്താൻ കേരളത്തിൽ കഴിയുന്നു. കേരളത്തിന്റെ തന്നെ നാലുകൊല്ലം മുമ്പുള്ള അവസ്ഥയിൽ നിന്നും ഇന്ത്യയിലെ പൊതു സാഹചര്യത്തിൽ നിന്നും വ്യത്യസ്തമാണ് കേരളത്തിലെ സാഹചര്യം. മതന്യൂപക്ഷങ്ങളെ വെറുക്കുന്ന രാഷ്ട്രീയ ശക്തികൾ ഇവിടെ ഇല്ലാത്തതുകൊണ്ടല്ല, മറിച്ച് അവർക്ക് വിധ്വംസക പ്രവൃത്തികൾ നടത്താനുള്ള ദുസ്വാതന്ത്ര്യം എൽ.ഡി.എഫ് ഗവൺമെന്റ് അനുവദിക്കാത്തതുകൊണ്ടാണിത്.

മതനിരപേക്ഷതയുടെ മൂല്യങ്ങൾ കാത്തു രക്ഷിക്കേണ്ടവർ തന്നെ പക്ഷം ചേരുന്നതുകൊണ്ടാണ് വർഗീയകലാപങ്ങൾ പടരുന്നത്. വിഴിഞ്ഞത്ത് സംഭവിച്ചതും വ്യത്യസ്തമല്ല. രണ്ടു ഘട്ടങ്ങളിലായാണ് അവിടെ വർഗ്ഗീയ കലാപങ്ങളുണ്ടായത്. ഒന്നിനു പിറകെ ഒന്നായി.

ആദ്യം കലാപമുണ്ടായ ശേഷവും ഒരു മുൻകരുതൽ നടപടി എടുക്കാതിരുന്നതു കൊണ്ടാണ് രണ്ടാമതും കലാപമുണ്ടായത്. അങ്ങനെയാണ് ആറുപേർ കൊല്ലപ്പെടുന്നതിനും അനേകം പേർക്കു പരിക്കേല്പിക്കുന്നതിനും വസ്തുവകകൾക്ക് വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടാകുന്നതിനും വഴിവെച്ച സംഭവങ്ങളുണ്ടായത്.

1995 മേയ് 14-നും ജൂലായ് 10-നും വിഴിഞ്ഞത്തുണ്ടായ വർഗ്ഗീയ കലാപത്തെക്കുറിച്ച് അന്വേഷിച്ച ആർ. ഗോപാലകൃഷ്ണപിള്ള കമ്മിഷൻ റിപ്പോർട്ടും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച മെമ്മോറാണ്ടവും ഞാൻ മേശപ്പുറത്തു വച്ചുകഴിഞ്ഞു.

മതനിരപേക്ഷമായ കാഴ്ചപ്പാടും സമീപനവും കൊണ്ടുമാത്രമേ മതമൈത്രിയും സമുദായ സൗഹാർദ്ദവും പുലർത്താനാവൂ എന്നും മറിച്ചുള്ള സമീപനം ആപത്ക്കരമായിരിക്കും എന്നും ആണ് വിഴിഞ്ഞം സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നത്. അതു നൽകുന്ന സാധന പാഠം ഉൾക്കൊള്ളാൻ എല്ലാ വിഭാഗക്കാരും തയ്യാറാകണം എന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly